**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2294** **05-02-2026 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് നിലവിൽ ലഭിക്കാനുള്ള കുടിശികയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | 2025-26 സീസണിൽ 28.01.2026 വരെ ആകെ സംഭരിച്ച 1.03 LMT നെല്ലിന് കിലോഗ്രാമിന് 30.12 രൂപ എന്ന നിരക്കിൽ 310.09 കോടി രൂപയാണ് 40,564 കർഷകർക്ക് ആകെ നൽകാനുണ്ടായിരുന്നത്. ഇതിൽ 25,544 കർഷകർക്ക് 210.29 കോടി രൂപ നൽകിക്കഴിഞ്ഞു. ബാക്കി തുകയായ 99.80 കോടി രൂപയാണ് 15,020 കർഷകർക്ക് നല്കാൻ കുടിശ്ശികയായി ബാക്കിയുള്ളത്. തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കി കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരണം നടപ്പാക്കുമ്പോൾ നെല്ല് കേടുവരാതെ സംരക്ഷിക്കുന്നതിനുള്ള സംഭരണ കേന്ദ്രങ്ങൾ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരണം നടപ്പാക്കുമ്പോൾ നെല്ല് പാടശേഖരങ്ങളിൽ കിടക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി സപ്ലൈകോയുടെ ഗോഡൗണുകളിലോ, സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിലോ നെല്ല് സംഭരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.കൂടാതെ നോഡൽ സഹകരണ സംഘങ്ങളുടെ തലത്തിലും സർക്കാർ തലത്തിലും ആധുനിക സംഭരണ സൈലോകൾ , വെയർഹൗസുകൾ കേന്ദ്രപദ്ധതികളുടെ ഫണ്ട് സംയോജനം വഴി നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ